**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.273 — 28.01.2019 ൽ മറുപടിക്ക്

## കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ കെട്ടിടനിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ കെട്ടിടനിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) & (ബി) | കുറ്റിപ്പുറം താലൂക്കാശുപത്രിയിൽ എം.പി.ഫണ്ട് മുഖാന്തിരം ഒരു കെട്ടിടവും എൽ.എ.സി.എ.ഡി.എഫ് മുഖാന്തിരം മറ്റൊരു കെട്ടിടവും നിർമ്മിച്ചു വരുന്നു. എം.പി.ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ കുറ്റിപ്പുറം ബ്ലോക്ക് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗമാണ് നടത്തുന്നത്. ഈ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു |
| (ബി) | കെട്ടിട നിർമ്മാണം മന്ദഗതിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ജില്ലാ ആരോഗ്യവകുപ്പ് അധികൃതർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | പുതിയ കെട്ടിടം പണിയുന്നതിനുള്ള സ്ഥലം ഒരുക്കുന്നതിനായി പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കെട്ടിട നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | താലൂക്ക് ആശുപത്രിയായ കുറ്റിപ്പുറം ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫും അനുബന്ധ സൗകര്യങ്ങളും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) & (ഇ) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുറ്റിപ്പുറം താലൂക്കാശുപത്രിയെ ഉൾപ്പെടുത്തുകയും ഇവിടെ ജൂനിയർ കൺസൾട്ടന്റ് (O&G), ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), ലാബ് ടെക്നീഷ്യൻ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I എന്നിവയിൽ ഓരോ തസ്തികയും സ്റ്റാഫ് നേഴ്സിന്റെ മൂന്നു തസ്തികകളും ഇതിനോടകം അധികമായി സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. എം.പി. ഫണ്ടിൽ നിന്നും 45 ലക്ഷം രൂപ ഡയാലിസിസ് യൂണിറ്റിനുവേണ്ടി കെട്ടിടം പണിയുവാൻ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു |
| (ഇ) | കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും, വർദ്ധിപ്പിക്കണമെന്ന് കാണിച്ച് ആരോഗ്യവകുപ്പിലുള്ള ഫയലിൽ അനുകൂല നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ; ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ